**Athmaraksha.org**

രക്ഷയുടെ വഴികൾ

## മക്കൾ വിശുദ്ധിയിൽ വളരാൻ ചെറുപ്പത്തിലേ പരിശീലിപ്പിക്കുക

Time is like a river. You cannot touch the same water twice, because the flow that has passed will never pass again. Train your children in the way they should go with God...

ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴിപരിശീലിപ്പിക്കുക; വാർധക്യത്തിലും അതിൽനിന്നു വ്യതിചലിക്കുകയില്ല (സുഭാഷിതങ്ങൾ 22:6). ശിശുവിന്റെ ഹൃദയത്തിൽ ഭോഷത്തം കെട്ടുപിണഞ്ഞു കിടക്കുന്നു; ശിക്ഷണത്തിൽ വടി അതിനെ ആട്ടിയോടിക്കുന്നു (സുഭാ 22:15). മകനു ശിക്ഷണം നൽകുക, അവൻ നിനക്ക് ആശ്വാസഹേതുവാകും; നിന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുകയും ചെയ്യും (സുഭാ 29:17).

നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാനും ജീവിതകാലം മുഴുവൻ അവ ഹൃദയത്തിൽ നിന്നു മായാതിരിക്കാനും ശ്രദ്ധിക്കുവിൻ; ജാഗരൂകരായിരിക്കുവിൻ. അവയെല്ലാം നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും അറിയിക്കണം (നിയമാവർത്തനം 4:9).

പിതാക്കൻമാരേ, നിങ്ങളുടെ കുട്ടികളെ പ്രകോപിപ്പിക്കരുത്. പ്രകോപിപ്പിച്ചാൽ അവർ നിരുൻമേഷരാകും (കൊളോസോസ് 3:21).

പിതാക്കൻമാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ (എഫേസോസ് 6:4).

നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം. ഞാനിന്നു കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവനിങ്ങളുടെ മക്കളെ പഠിപ്പിക്കണം; വീട്ടിലായിരിക്കുമ്പോഴും യാത്രചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം (നിയമാവർത്തനം 6:5-7).
അവരുടെ മക്കളിൽനിന്നു നാം അതു മറച്ചുവയ്ക്കരുത്; കർത്താവു പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തിപ്രഭാവവും അദ്ഭുതകൃത്യങ്ങളും വരുംതലമുറയ്ക്കു വിവരിച്ചുകൊടുക്കണം (സങ്കീർത്തനങ്ങൾ 78:4).

കർത്താവിന്റെ ദാനമാണ് മക്കൾ,ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കൈയിലെ അസ്ത്രങ്ങൾ പോലെയാണ് (സങ്കീർത്തനങ്ങൾ 127:3-4).